# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 15**

---

## ഡി.എൽ.എൽ.ഇ; സർട്ടിഫിക്കറ്റ്, ഡിപ്ലോമ പ്രോഗ്രാമുകൾ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ്, ഡിപ്ലോമ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.*

*കൗൺസലിംഗ്, മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റീസ്, യോഗിക് സയൻസ് എന്നിവയാണ് സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ. കൗൺസലിംഗിൽ ഡിപ്ലോമ പ്രോഗ്രാമുമുണ്ട്. താത്പര്യമുള്ളർ യോഗ്യതാ രേഖകളുടെ അസ്സലും പകർപ്പുകളും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൾ, കോഴ്സ് ഫീസ് എന്നിവ സഹിതം ജനുവരി 25ന് മുൻപ് വകുപ്പിൽ എത്തണം.*

*ഫോൺ-04812733399, 08301000560. വെബ് സൈറ്റ്-* www.dlle.mgu.ac.in

*(പി.ആർ.ഒ/39/1213/2025)*

## എം.ജി. സർവകലാശാലാ നാടകോത്സവം; രജിസ്റ്റർ ചെയ്യാം

*മഹാത്മാ ഗാന്ധി സർവകലാശാല യൂണിയൻ ഫെബ്രുവരി 11, 12 തീയകളിൽ എറണാകുളം രാജേന്ദ്ര മൈതാനത്ത് സംഘടിപ്പിക്കുന്ന നാടകോത്സസവത്തിൽ പങ്കെടുക്കുന്നതിന് കോളജ് ടീമുകൾക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യാം.*

*സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽനിന്ന് ഒരു ടീമിനാണ് അവസരം. കോളജ് പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ടീമംഗങ്ങളുടെ പേരു വിവരവും തിരിച്ചറിയൽ കാർഡിന്റെ പകർപ്പും നാടകത്തിന്റെ കഥാസംഗ്രത്തിന്റെ നാലു പകർപ്പുകളും സഹിതം ജനുവരി 31ന് ഉച്ചകഴിഞ്ഞ് മൂന്നുവരെ സർവകലാശാലയിലെ യൂണിയൻ ഓഫീസിൽ നേരിട്ടെത്തി രജിസ്ട്രേഷൻ നടത്താം.*

*(പി.ആർ.ഒ/39/1214/2025)*

## പ്രാക്ടിക്കൽ

*മൂന്നാം സെമസ്റ്റർ എംഎസ്സി ഇൻഫർമേഷൻ ടെക്നോളജി (സിഎസ്എസ്-*

*2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അ്ഡമിഷനുകൾ റീഅപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജനുവരി 17ന് കോന്നി, വി.എൻ.എസ് കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

......................

*ആറാം സെമസ്റ്റർ എംഎസ്സി ബയോ കെമിസ്ട്രി (2021 അഡ്മിഷൻ റഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2017 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ് ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്ട് പരീക്ഷകൾ ഫെബ്രുവരി നാലു മുതൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1215/2025)*

## പരീക്ഷാ ഫലം

*മഹാത്മാഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലെ (2022 അഡ്മിഷൻ ഫുൾ ടൈം ആന്റ് പാർട്ട് ടൈം, 2022 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി പി.എച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷകളുടെ(ജൂലൈ 2024) ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജനുവരി 29 വരെ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1216/2025)*

## പരീക്ഷക്ക് അപേക്ഷിക്കാം

*ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി, എംഎ (പുതിയ സ്കീം -2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾക്ക് ജനുവരി 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജനുവരി 23 വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി 24 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1217/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ